**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2892** **13-10-2021 - ൽ മറുപടിയ്ക്ക്**

**പാലാ മണ്ഡലത്തിലെ കുടിവെള്ള കണക്ഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അപേക്ഷിച്ച എല്ലാവർക്കും കുടിവെള്ള കണക്ഷൻ ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ സമയബന്ധിതമായി പൂർത്തീകരിച്ച് കുടിവെള്ളം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . നിയമാനുസരണവും ഫീസിബിൾ ആയതുമായ കുടിവെള്ള കണക്ഷനുള്ള അപേക്ഷകൾക്ക് നിശ്ചിത സമയത്തിനുള്ളിൽ കണക്ഷനുകൾ നൽകി വരുന്നു. ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 2024 മാർച്ച് മാസത്തോടു കൂടി എല്ലാ ഗ്രാമീണ ഭവനങ്ങളിലും കുടിവെള്ള കണക്ഷൻ നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. നഗരപ്രദേശങ്ങളിൽ എല്ലാ ഭവനങ്ങളിലും കുടിവെള്ള കണക്ഷൻ നൽകുന്നതിനുള്ള അർബൻ ജലജീവൻ പദ്ധതി പ്രാരംഭഘട്ടത്തിലാണ് . |
| (ബി) | പാലാ മണ്ഡലത്തിൽ അപേക്ഷിച്ച എല്ലാവർക്കും കുടിവെള്ള കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ തടസ്സം നീക്കി കുടിവെള്ളം ലഭ്യമാക്കാൻ സത്വര നടപടി സ്വീകരിക്കുമോ? | (ബി) | ജല അതോറിറ്റിയുടെ കണക്ഷനുകൾക്ക് അപേക്ഷ സമർപ്പിക്കുന്നവർക്ക് വിതരണ ശൃംഖലകൾ സ്ഥാപിച്ചിട്ടുള്ള ഇടങ്ങളിൽ ഫീസിബിലിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാലതാമസം കൂടാതെ നിശ്ചിതസമയത്തിനുള്ളിൽ കണക്ഷനുകൾ നൽകുന്നുണ്ട് . അപേക്ഷിച്ച എല്ലാവർക്കും കുടിവെള്ള കണക്ഷൻ നൽകുന്നതിനായി പുതിയ പദ്ധതികളും നിലവിലെ പദ്ധതികളിലെ വിതരണ ശൃംഖല മെച്ചപ്പെടുത്തലും നടപ്പിലാക്കി വരുന്നു. ജലനിധി പദ്ധതികൾക്ക് കീഴിൽ പാലാ മണ്ഡലത്തിൽ നല്കുന്ന കണക്ഷനുകളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു. മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ നടപ്പിലാക്കി വരുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ പൂർത്തീകരണത്തോടെ ഈ മണ്ഡലത്തിലെ എല്ലായിടങ്ങളിലും ശുദ്ധജല ലഭ്യത ഉറപ്പാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

KRWSA-Jalanidhi

| നം | പഞ്ചായത്ത് | അനുമതി ലഭിച്ച ഗാർഹിക കണക്ഷനുകളുടെ എണ്ണം | പൂർത്തീകരിച്ച കണക്ഷനുകളുടെ എണ്ണം |
|---|---|---|---|
| 1 | കടനാട് | 220 | 220 |
| 2 | മുത്തോലി | 206 | 116 |
| 3 | കരൂർ | 237 | 237 |
| 4 | ഭരണങ്ങാനം | 200 | 153 |
| 5 | മീനച്ചിൽ | 76 | 63 |
| 6 | കൊഴുവനാൽ | 100 | 100 |
| ആകെ | | **1039** | **889** |

| നം | പഞ്ചായത്ത് | ഗാർഹിക കണക്ഷനുകളുടെ എണ്ണം (പ്രൊപോസൽ ) |
|---|---|---|
| 1 | കടനാട് | 851 |
| 2 | മുത്തോലി | 1908 |
| 3 | കരൂർ | 306 |
| 4 | കൊഴുവനാൽ | 1236 |
| 5 | മീനച്ചിൽ | 1968 |
| 6 | മേലുകാവ് | 1218 |
| 7 | മൂന്നിലവ് | 1865 |
| 8 | രാമപുരം | 1106 |
| 9 | തിടനാട് | 1106 |
| 10 | തലപ്പലം | 3034 |
| ആകെ | | **14598** |

**സെക്ഷൻ ഓഫീസർ**